**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1992**

04.05.2017 - ൽ മറുപടിക്ക്

# കൺസ്യൂമർഫെഡിന്റെ സൂപ്പർമാർക്കറ്റുകളും കടവും ലാഭവും

| ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കൺസ്യൂമർ ഫെഡിന്റെ കടം എത്രയായിരുന്നു; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കൺസ്യൂമർഫെഡിന്റെ ബാദ്ധ്യത 991.70 കോടി രൂപയായിരുന്നു. |
| (ബി) | ഇപ്പോൾ കൺസ്യൂമർ ഫെഡ് ലാഭത്തിൽ പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ടോ; നിലവിൽ കടങ്ങൾ ഉണ്ടോ: | (ബി) | 2016-17 സാമ്പത്തിക വർഷത്തിൽ കൺസ്യൂമർഫെഡിന് താൽക്കാലിക കണക്കുകൾ പ്രകാരം 64.78 കോടി രൂപ പ്രവർത്തന ലാഭം ഉണ്ടായിട്ടുണ്ട്. നിലവിൽ 936.02 കോടി രൂപയുടെ ബാദ്ധ്യതയുണ്ട്. |
| (സി) | കൺസ്യൂമർ ഫെഡ് നിലവിൽ സൂപ്പർ മാർക്കറ്റുകൾ നടത്തുന്നുണ്ടോ; സംസ്ഥാനത്ത് എത്ര എണ്ണം ഉണ്ട്; | (സി) | കൺസ്യൂമർഫെഡ് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ നടത്തുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് 204 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | എല്ലാ ജില്ലകളിലും കൺസ്യൂമർ ഫെഡിന്റെ സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൺസ്യൂമർഫെഡറേഷന്റെ സൂപ്പർ മാർക്കറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | ത്രിവേണി സൂപ്പർ മാർക്കറ്റുകൾ |
|---|---|
| തിരുവനന്തപുരം | 17 |
| കൊല്ലം | 27 |
| പത്തനംതിട്ട | 13 |
| ഇടുക്കി | 10 |
| ആലപ്പുഴ | 19 |

| | |
|---|---|
| കോട്ടയം | 13 |
| എറണാകുളം | 18 |
| തൃശ്ശൂർ | 17 |
| പാലക്കാട് | 14 |
| മലപ്പുറം | 17 |
| കോഴിക്കോട് | 19 |
| വയനാട് | 3 |
| കണ്ണൂർ | 10 |
| കാസർഗോഡ് | 7 |
| ആകെ | 204 |

**സെക്ഷൻ ഓഫീസർ**